# JOINT FORUM OF KGB UNIONS

**(KGBEU/KGBOU - KGBSA/KGBOC - KGBEA/KGBOA - KGBWO/KGBOO)**

Kerala Gramin Bank: Head Office, KGB Towers
AK Road, Malappuram

**സർക്കുലർ 01/2021** 20/12/2021

പ്രിയരെ,

നമ്മുടെ ബാങ്കിലെ സാഹചര്യം നാൾക്കുനാൾ വഷളായി വരികയാണ്. കെടുകാര്യസ്ഥത നിറഞ്ഞ മാനേജ്മെന്റിന്റെ തലതിരിഞ്ഞ നയങ്ങളുടെ ഭാഗമായാണ് നമ്മുടെ നിലനിൽപ്പ് തന്നെ അവതാളത്തിലാവുന്ന തരത്തിലേക്ക് കാര്യങ്ങൾ നീങ്ങുന്നത്. ഇത്തരമൊരു ഘട്ടത്തിലാണ് നമ്മുടെ സ്ഥാപനത്തെ സംരക്ഷിക്കാൻ നാല് സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ ഒരു പ്രക്ഷോഭത്തിലേക്ക് കടക്കുവാൻ നാം തീരുമാനിക്കുന്നത്. നിരവധിയായ വിഷയങ്ങൾ നമുക്ക് മുമ്പിലുണ്ടെങ്കിലും അതിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ട് ആവശ്യങ്ങൾ മാത്രമാണ് നാം പ്രക്ഷോഭത്തിന്റെ ഭാഗമായി ഉന്നയിക്കുന്നത്.

1) ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക

2) BC നിയമനം ഉപേക്ഷിക്കുക

ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക എന്നത് മാനേജ്മെന്റിൽ അർപ്പിതമായിട്ടുള്ള കർത്തവ്യമാണ്. കേന്ദ്രസർക്കാരും നമ്മുടെ ബാങ്കും അംഗീകരിച്ച പോളിസി പ്രകാരമാണ് അതിനാവശ്യമായ വേക്കൻസി നിർണയിക്കുന്നത്. അതിൻപ്രകാരം 2500 ലധികം വേക്കൻസികൾ വിവിധ കേഡറുകളിലായി നമ്മുടെ ബാങ്കിൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്. 3400 ജീവനക്കാർ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ ഇത്രയും തസ്തിക ഒഴിഞ്ഞു കിടക്കുന്നു എന്ന് വച്ചാൽ ഓരോ ജീവനക്കാരനും ഏതാണ്ട് രണ്ട് ജീവനക്കാർ ചെയ്യേണ്ടുന്ന ജോലി ചെയ്യുകയാണ് എന്നർത്ഥം. ഫലത്തിൽ മനുഷ്യനായി ജീവിക്കാൻ കഴിയാതെ യാന്ത്രികമായി ജീവിക്കുന്ന അവസ്ഥയിലേക്ക് ജീവനക്കാരെ തള്ളിവിടുന്നു. ജീവനക്കാരുടെ അഭാവം മൂലം മെച്ചപ്പെട്ട സേവനം ലഭിക്കാതെ നല്ല ഇടപാടുകാർ ബാങ്കിൽ നിന്ന് കൊഴിഞ്ഞുപോവുകയും ബാങ്കിന്റെ ബിസിനസ് താഴ്ന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. താഴെതട്ടിലുള്ള ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ ബിസിനസ് കൂട്ടിയാൽ മാത്രമേ ജീവനക്കാരെ നിയമിക്കാൻ സാധിക്കുകയുള്ളൂ എന്ന വിതണ്ഡവാദം ആണ് മാനേജ്മെന്റ് ഉയർത്തുന്നത്. ദൈനംദിന ഇടപാടുകൾ പോലും മുന്നോട്ടു നീക്കാൻ കഴിയാത്ത ജീവനക്കാർക്ക് മുന്നിൽ CKYC, re KYC തുടങ്ങിയ എണ്ണിയാലൊടുങ്ങാത്ത ബാലികേറാമലയും വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ഈ സന്ദർഭത്തിൽ അവസരം മുതലെടുത്തു കൊണ്ട് ജീവനക്കാരുടെ അഭാവം ഉള്ള സ്ഥലങ്ങളിൽ ബിസിനസ് കറസ്പോണ്ടന്റുമാരെ നിയമിക്കാം എന്ന നിലപാടാണ് മാനേജ്മെന്റ് കൈക്കൊണ്ടിട്ടുള്ളത്. ജീവനക്കാരുടെ വിലപേശൽ ശേഷിയെ ഇല്ലാതാക്കുന്നതിനും തൊഴിലില്ലായ്മയ്ക്ക് ആക്കം കൂട്ടുന്നതിനും നിലവിലുള്ള വ്യവസ്ഥിതിയെ തകർക്കുക എന്ന നയം ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ല. ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നത് വലിയ നഷ്ടമാണ് എന്നും അതിനുപകരം നക്കാപ്പിച്ച കൂലിക്ക് BC മാരെ നിയമിക്കണമെന്നും അതുവഴി ബാങ്കിന് മികച്ച ലാഭം കൊയ്യാം എന്നും പരസ്യമായി പറയുന്ന തരത്തിലേക്ക് മാനേജ്മെന്റ് തരം താണിരിക്കുന്നു.

പ്രമോഷൻ കം റിക്രൂട്ട്മെന്റ് റൂൾ പ്രകാരം നമ്മുടെ ബാങ്കിൽ നിലവിലിരിക്കുന്ന ഒരു തസ്തികയാണ് OATD തസ്തിക. എന്നാൽ എണ്ണൂറോളം ജീവനക്കാർ ഉണ്ടായിരിക്കേണ്ട ആ തസ്തികയിൽ വെറും 148 ജീവനക്കാർ മാത്രമാണുള്ളത്. 20 വർഷക്കാലം വരെ താൽക്കാലികാടിസ്ഥാനത്തിൽ തൊഴിലെടുക്കുന്ന നൂറുകണക്കിന് ജീവനക്കാർ നമ്മുടെ ബാങ്കിൽ ഉണ്ട്. ഏത് അളവുകോൽ വച്ച് അളന്നാലും സ്ഥിരം നിയമനത്തിന് അർഹതപ്പെട്ട അത്തരം ജീവനക്കാരെ സർവീസിൽ സ്ഥിരപ്പെടുത്തണം എന്ന ആവശ്യം വർഷങ്ങളായി ഇവിടുത്തെ ജീവനക്കാർ ഉന്നയിക്കുന്നു. എന്നാൽ, മുട്ടാപ്പോക്ക് കാരണം പറഞ്ഞ് വലിയ അലംഭാവമാണ് മാനേജ്മെന്റ് ഭാഗത്തുനിന്നും ഉണ്ടാകുന്നത്. മാത്രവുമല്ല, ഈ തസ്തിക പൂർണമായും ഔട്ട്സോഴ്സ് ചെയ്യാനുള്ള നീക്കങ്ങളും തകൃതിയായി നടന്നു കൊണ്ടിരിക്കുന്നു. ഓരോ തസ്തികയും ഇല്ലാതാക്കാനുള്ള ഗൂഢമായ ശ്രമങ്ങൾ നിരന്തരമായി നടന്നുകൊണ്ടിരിക്കുകയാണ്.

ഉത്തരവാദപ്പെട്ട സംഘടനകൾക്ക് കൺമുന്നിൽ നിറഞ്ഞാടികൊണ്ടിരിക്കുന്ന ഇത്തരം അനീതികൾക്കെതിരെ മൗനം പുലർത്താൻ കഴിയില്ല എന്ന സാഹചര്യത്തിലാണ് വലിയ പ്രക്ഷോഭത്തിലേക്ക് കടക്കണമെന്ന തീരുമാനം സംയുക്ത വേദിയുടെ ആഭിമുഖ്യത്തിൽ കൈക്കൊള്ളുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ആണ് ഡിസംബർ 9 ന് ഈ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് ജോയിന്റ് ഫോറം ഓഫ് KGB യൂണിയൻസ് എന്ന ബാനറിൽ നാം മാനേജ്മെന്റിന് സമര നോട്ടീസ് നൽകിയത്.

നോട്ടീസിൻമേൽ ഡിസംബർ 20 തിങ്കളാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് മാനേജ്മെന്റ് ചർച്ചയ്ക്ക് ക്ഷണിച്ചു. അതിൻപ്രകാരം നടന്ന ചർച്ചയിലും തീർത്തും നിഷേധാത്മക സമീപനമായിരുന്നു മാനേജ്മെന്റ് ഭാഗത്തുനിന്നും ഉണ്ടായത്. പ്രത്യേകിച്ച് ഒരു വാഗ്ദാനവും നൽകാനില്ലാതെ നിങ്ങൾ സമരത്തിൽ നിന്നും പിന്മാറണം എന്ന നിലപാടാണ് മാനേജ്മെന്റ് കൈക്കൊണ്ടത്. ജീവനക്കാരുടെ ഭാഗത്തുനിന്നും അവർ അനുഭവിക്കുന്ന പ്രശ്നങ്ങളും സ്ഥാപനം നിലനിൽക്കേണ്ടതിന്റെ ആവശ്യകതയും അതിന് പ്രാഥമികമായി ചെയ്യേണ്ടുന്ന കാര്യങ്ങളും നാം കൃത്യമായി വിശദീകരിച്ചുകൊടുത്തു. എന്നാൽ, അസത്യങ്ങളും അർദ്ധസത്യങ്ങളും വാരി വിതറാൻ ആണ് മാനേജ്മെന്റ് ശ്രമിച്ചത്. റിക്രൂട്ട്മെന്റ് നടന്നുകൊണ്ടിരിക്കുകയാണ് എന്നും ഇതിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാൻ ആവില്ല എന്നും മാനേജ്മെന്റ് ഭാഗത്തുനിന്നും നിലപാടെടുത്തപ്പോൾ, എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വേക്കൻസി തീരുമാനിച്ചത് എന്ന ചോദ്യത്തിനുമുന്നിൽ പകച്ചു നിൽക്കാൻ അല്ലാതെ HR ചുമതലയുള്ള ജനറൽ മാനേജർക്ക് മറ്റൊന്നും ചെയ്യാനുണ്ടായിരുന്നില്ല. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ കേട്ടുകേൾവിയില്ലാത്ത കേസുകളുടെ പ്രശ്നത്തിലാണ് പ്രതിസന്ധി സൃഷ്ടിക്കുന്നത് എന്ന പൊള്ളത്തരം ആണ് അദ്ദേഹം ആവർത്തിച്ചത്. BC നിയമനം റിസർവ് ബാങ്ക് നയം ആണ് എന്നും, അത് ഫിനാൻഷ്യൽ ഇൻക്ലൂഷന്റെ ഭാഗമായാണ് എന്നും മാനേജ്മെന്റ് പ്രതികരിച്ചപ്പോൾ ജീവനക്കാരുടെ അഭാവം BC മാരെ ഉപയോഗിച്ച് നികത്താനുള്ള ശ്രമമാണ് നമ്മുടെ ബാങ്കിൽ നടക്കുന്നത് എന്ന് നാം ചൂണ്ടിക്കാട്ടി. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഇത്തരമൊരു ഏർപ്പാടിന്റെ ആവശ്യമില്ല എന്നും സമ്പൂർണ്ണ സാക്ഷരത കൈവരിച്ച കേരളത്തിൽ മുഴുവൻ ആളുകളും ബാങ്ക് ഇടപാടുകൾ നടത്താൻ പര്യാപ്തമായ സാഹചര്യം കേരളത്തിൽ ഉണ്ട് എന്നതിനാൽ BC നിയമനം ഒരു

കാരണവശാലും അംഗീകരിക്കാൻ കഴിയില്ല എന്ന നിലപാട് മുഴുവൻ ജീവനക്കാരുടെയും വികാരമാണ് എന്നും നാം ബോധ്യപ്പെടുത്തി. രണ്ടുമണിക്കൂറോളം നീണ്ടുനിന്ന ചർച്ച അവസാനിച്ചപ്പോൾ ജീവനക്കാരുടെ വികാരം ഒരു ശതമാനം പോലും ഉൾക്കൊള്ളാനാവാത്ത നിസ്സംഗതയാണ് മാനേജ്മെന്റിൽ നമുക്ക് കാണാനായത്.

പ്രിയപ്പെട്ടവരെ,

**നമ്മുടെ സ്ഥാപനം നിലനിർത്തുക എന്നത് നമ്മുടെ ആവശ്യമാണ്. കേവലം സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി മാത്രമായി തങ്ങളുടെ കരിയറിന്റെ ചവിട്ടുപടിയായി നമ്മുടെ ബാങ്കിനെ കാണുന്ന ഒരുകൂട്ടം ആളുകളുടെ നിയന്ത്രണത്തിലാണ് നമ്മുടെ ബാങ്ക് നിലനിൽക്കുന്നത്. ആയതിനാൽ ശക്തമായ പോരാട്ടങ്ങളിലൂടെ അല്ലാതെ നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ നമുക്കാവില്ല. അതിന്റെ ആദ്യഘട്ടം എന്ന നിലയിൽ ഹെഡ് ഓഫീസിനുമുന്നിൽ ഒരു വലിയ ധർണ സംഘടിപ്പിക്കാൻ നാം തീരുമാനിച്ചിരിക്കുകയാണ്. ഡിസംബർ 28 ന് രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ധർണയിൽ, ശാഖയിലെ ഏറ്റവും മിനിമം പ്രവർത്തനത്തിന് അത്യാവശ്യമായ ജീവനക്കാരെ ഒഴിച്ച് ബാക്കി മുഴുവൻ പേരും അണിനിരക്കണം എന്ന അഭ്യർത്ഥനയാണ് പങ്കുവെക്കാൻ ഉള്ളത്. വിവിധ കേന്ദ്ര ട്രേഡ് യൂണിയൻ നേതാക്കൾ ധർണയിൽ സംബന്ധിക്കും. ഇത് ഒരു സൂചനയാണ്. യാഥാർത്ഥ്യബോധത്തോടു കൂടി മാനേജ്മെന്റ് മുന്നോട്ടു വരാത്ത പക്ഷം ഏതറ്റംവരെയും പ്രക്ഷോഭം വ്യാപിപ്പിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്. കാരണം, ഇത് നമ്മുടെ സ്ഥാപനമാണ്... നമ്മുടെ മാത്രം സ്ഥാപനമാണ്. ഇത് നിലനിർത്തുക എന്നത് നമ്മുടെ വലിയ ഉത്തരവാദിത്തമാണ്. വലിയ പോരാട്ടങ്ങൾക്കായി മുഴുവൻ പേരും തയ്യാറെടുക്കണം എന്ന് അഭ്യർത്ഥിച്ചു കൊണ്ട്**

**അഭിവാദനങ്ങളോടെ.**

**ജനറൽ സെക്രട്ടറി**
KGBEU/KGBOU
9895710203

**ജനറൽ സെക്രട്ടറി**
KGBSA/KGBOC
9947660997

**ജനറൽ സെക്രട്ടറി**
KGBEA/KGBOA
9995392084

**ജനറൽ സെക്രട്ടറി**
KGBWO/KGBOO
9985380393